## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4522** **18.05.2017-ൽ മറുപടിയ്ക്ക്**

### കെ.എസ്.എഫ്.ഇ.യിലെ സ്വർണ്ണ പണയ വായ്പ

| | ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സ്വർണ്ണപണയ വായ്പയ്ക്ക് ഗ്രാമിന് ഏകീകൃത വായ്പാ തുക കെ.എസ്.എഫ്.ഇ യുടെ എല്ലാ ബ്രാഞ്ചുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിയ്ക്കുമോ; | (എ) | നടപ്പാക്കിയിട്ടുണ്ട് |
| (ബി) | ഗ്രാമിന് മാർക്കറ്റ് വിലയുടെ 75% വരെ സ്വർണ്ണ പണയ വായ്പ നൽകാം എന്നിരിക്കെ, മിക്ക ബ്രാഞ്ചുകളും 50% മുതൽ 65% വരെ മാത്രം വായ്പാതുക അനുവദിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം ബ്രാഞ്ചുകൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | ഗ്രാമിന് മാർക്കറ്റ് വിലയുടെ 75% വരെ എന്നാൽ 2100 രൂപയിൽ കവിയാതെ എന്നാണ് ഹാൾമാർക്ക് ഉള്ള സ്വർണ്ണാഭരണങ്ങൾ പണയമായി സ്വീകരിച്ച് കെ.എസ്.എഫ്.ഇ നൽകുന്ന വായ്പയുടെ നിബന്ധന. 19 ക്യാരറ്റിനും അതിനു മുകളിലുമുള്ള സ്വർണ്ണാഭരണങ്ങളുടെ കാര്യത്തിൽ ഈ നിബന്ധന 75% അഥവാ 1900 രൂപയിൽ കവിയാതെ എന്നും, 18 ക്യാരറ്റ് സ്വർണ്ണാഭരണങ്ങൾക്ക് 75% അഥവാ 1700 രൂപയിൽ കവിയാതെ എന്നും കണക്കാക്കിയിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ ശാഖകൾ ലംഘിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. |
| (സി) | റിസർവ് ബാങ്കിന്റെ പുതിയ പണവിനിമയത്തിന്റെ അടിസ്ഥാനത്തിൽ, കെ.എസ്.എഫ്.ഇ യിലെ സ്വർണ്ണപ്പണയവായ്പകൾ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിയ്ക്കുന്നതിന് ആവശ്യമായ ഇളവുകൾ കെ.എസ്.എഫ്.ഇ യ്ക്ക് നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ? | (സി) | കെ.എസ്.എഫ്.ഇ-യ്ക്ക് ബാധകമായ റിസർവ് ബാങ്കിന്റെ കാലാകാലങ്ങളിലുള്ള നിയമങ്ങൾക്ക് അനുസൃതമായാണ് കെ.എസ്.എഫ്.ഇ പ്രവർത്തിക്കുന്നത്. സ്വർണ്ണപ്പണയവായ്പയിൽ കുറവ് വരുന്നത് നികത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**